# കൈത്താക്കാലം
## വചന വിചിന്തനം
### കൈത്താക്കാലം രണ്ടാം ഞായർ
### ലൂക്കാ 15,11–32

"നിനക്ക് തെറ്റ് പറ്റാം...
നിന്റെ മുറിവുകൾ ഞാൻ വച്ച് കെട്ടാം...
നിന്റെ കുറവുകൾ എന്റെ അടുത്ത് വന്ന് ഏറ്റ് പറയുക...
ഞാൻ നിന്റെ മനസിന്റെ ഭാരങ്ങൾ എടുത്ത് മാറ്റാം...
നിനക്കായ് കാത്തിരിക്കുന്ന ഒരു ദൈവമുണ്ടെന്ന് നീ മറന്ന് പോകരുത്!."

ബൈബിൾ എന്താണ് എന്നു ചോദിച്ചാൽ "മക്കളുടെ തിരിച്ച് വരവിനായ് വഴിയിലേയ്ക്ക് നോക്കിയിരിക്കുന്ന പിതാവ് കണ്ണീരോടെ കുറിച്ചുവയ്ക്കുന്ന രക്ഷയുടെ അമൃതാണ്..."

സ്നേഹം ദൂർത്തടിക്കുന്ന ഒരു പിതാവിന്റെ കഥയാണ് ക്രിസ്തു പങ്കുവയ്ക്കുന്നത്. ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും മനോഹരമായ ചെറുകഥ ഏത് എന്ന് ചോദിച്ചാൽ ആ ചോദ്യത്തിനുമുമ്പിൽ നാം വാചാലരാകുന്നത് ക്രിസ്തു പറഞ്ഞ "ധൂർത്ത പുത്രന്റെ ഉപമ" പറഞ്ഞു കൊണ്ടാകും. രണ്ടായിരം വർഷങ്ങൾ കഴിഞ്ഞിട്ടും ചരിത്രങ്ങൾ മാറ്റപ്പെട്ടിട്ടും ഇന്നും "ധൂർത്ത പുത്രന്റെ ഉപമ" അതിന്റെ മുഴുവൻ ശോഭയോടും കൂടി നില നിൽക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണം "സ്നേഹം ദൂർത്തടിക്കുന്ന ഒരു പിതാവിന്റെ മുഖം" അതിൽ ഒളിഞ്ഞിരിക്കുന്നുണ്ട് എന്നുള്ളതു കൊണ്ടാണ്. ഒപ്പം, നമ്മളുടെ ഹൃദയത്തിൽ സ്നേഹം ചൂഷണം ചെയ്യുന്ന ഒരു വന്യത ഒളിഞ്ഞിരിക്കുന്നതും കൊണ്ടാണ്.

പരിശുദ്ധ പിതാവ് ബെനഡിക്ട് മാർപ്പാപ്പ "ധൂർത്ത പുത്രന്റെ ഉപമ" പറഞ്ഞ് നിറുത്തുന്നത് മക്കളെ നെഞ്ചോട് ചേർത്തുപിടിക്കുന്ന ഒരമ്മയുടെ ചിത്രം വാക്കുകളാൽ വരച്ച് വച്ചുകൊണ്ടാണ്. സ്നേഹം ദൂർത്തടിക്കുന്ന പിതാവിന്റെ മുഖത്തിന് ബെനഡിക്ട് മാർപ്പാപ്പ തിരഞ്ഞെടുക്കുന്നത് എത്രയോ മനോഹരമായ ദൃഷ്ടാന്തമാണ്! ഒരമ്മയ്ക്ക് മാത്രമെ മക്കളെ ഇത്രമാത്രം സ്നേഹിക്കാൻ സാധിക്കു. അമ്മയുടെ കുറവ് അറിഞ്ഞ് വളർന്നവനാണ് ദൂർത്ത പുത്രൻ. പക്ഷെ, ക്രിസ്തു പറഞ്ഞുവയ്ക്കുന്ന വാക്കുകളിൽ നിന്ന് ഒന്നുറപ്പാണ്, അപ്പന്റെയും അമ്മയുടെയും സ്നേഹം വാരികോരി നൽകി സ്നേഹത്തിൽ സമ്പന്നരാക്കി തന്നെയാണ് ആ അപ്പൻ മക്കളെ വളർത്തി വലുതാക്കിയിരിക്കുന്നത്.

ധൂർത്തപുത്രൻ തന്റെ മുഴുവൻ ഓഹരിയും വാരിയെടുത്താണ് തന്റെ അപ്പന്റെ ഭവനത്തിൽ നിന്ന് പടിയിറങ്ങുന്നത്. സ്വത്തിൽ തന്റെ ഓഹരി ചോദിക്കുന്ന മക്കൾ ചെയ്യാതെ ചെയ്യുന്നത് പിതാവുമായുള്ള ബന്ധം മുറിക്കലാണ്. യഹൂദാചാരപ്രകാരം പിതാവിന്റെ കാലശേഷം മാത്രമാണ് മക്കൾക്ക് തങ്ങളുടെ പിതാവിന്റെ സ്വത്തിൽ അവകാശമുള്ളത്.

" ജീവിതകാലത്തിലൊരിക്കലുംപുത്രനോ ഭാര്യയ്ക്കോ, സഹോദരനോ സ്നേഹിതനോനിൻെറ മേൽ അധികാരം കൊടുക്കരുത്; വസ്തുവകകളും നൽകരുത്" (പ്രഭാ 33,20).

"ജീവിതാന്ത്യത്തിൽ, മരണനാഴികയിൽ, സ്വത്തു വിഭജിച്ചുകൊടുക്കുക" (പ്രഭാ 33,24).

പിതാവുമായുള്ള ബന്ധം മുറിച്ച് മുഴുവൻ സ്വത്തുക്കളും

വാരിയെടുത്ത് യാത്രയാകുന്ന ഇളയപുത്രനെ കുറിച്ച് പിന്നീട് വചനം പറയുന്നത്, "താമസിയാതെ, ഇളയമകൻ എല്ലാം ശേഖരിച്ചുകൊണ്ടു ദൂരദേശത്തേക്കു പോയി, അവിടെ ധൂർത്തനായി ജീവിച്ച്, സ്വത്തു നശിപ്പിച്ചുകളഞ്ഞു" (ലൂക്കാ 15,13). ഇളയവൻ ധൂർത്തനായി ജീവിച്ചു എന്നു കാണിക്കാൻ സുവിശേഷകൻ ഉപയോഗിക്കുന്ന പദം 'അസോതോസ്' (Asothos) എന്നാണ്. ഈ പദം പുതിയ നിയമത്തിൽ മൂന്ന് പ്രാവശ്യമാണ് ഉപയോഗിച്ചിരിക്കുന്നത്.

എഫോ 5,18 : മദ്യപാനത്തെ സൂചിപ്പിക്കാൻ
തീത്തോ 1,6 : കലഹസ്വഭാവത്തെ സൂചിപ്പിക്കാൻ
1 പത്രോസ് 4,3 : വിഗ്രഹാരാധനയെ സൂചിപ്പിക്കാൻ

ചുരിക്കത്തിൽ മദ്യപാനവും കലഹസ്വഭാവവും വിഗ്രഹാരാധനയും ഒത്തുചേരുമ്പോൾ ഒരുവൻ ധൂർത്തനായി മാറ്റപ്പെടുന്നു. പിതാവിനെ അഭയം പ്രാപിക്കേണ്ടവൻ പിതാവുമായുള്ള ബന്ധം മുറിക്കുമ്പോൾ പിന്നിട് അവൻ അഭയം പ്രാപിക്കുന്നത് മദ്യത്തിലാണ്. മദ്യത്തിന്റെ പ്രത്യേകത തന്നെ അവൻ കലഹക്കാരനാണ് എന്നുള്ളതാണ്. എല്ലാം തകർന്ന് തരിപ്പണമാകുമ്പോൾ അവൻ രൂക്ഷമായ ക്ഷാമത്തിന് കാരണമാവുകയാണ്. പിന്നീട് വചനം പറയുന്നത് ഇപ്രകാരമാണ്;

"എല്ലാം ചെലവഴിച്ചു കഴിഞ്ഞപ്പോൾ ആ ദേശത്ത് ഒരു കഠിനക്ഷാമം ഉണ്ടാവുകയും അവൻ ഞെരുക്കത്തിലാവുകയും ചെയ്തു. അവൻ ആ ദേശത്തെ ഒരു പൗരന്റെ അടുത്ത് അഭയംതേടി. അയാൾ അവനെ പന്നികളെ മേയിക്കാൻ വയലിലേക്കയച്ചു. പന്നി തിന്നിരുന്നതവിടെങ്കിലുംകൊണ്ടു വയറു നിറയ്ക്കാൻ അവൻ ആശിച്ചു. പക്ഷേ, ആരും അവനു കൊടുത്തില്ല" (ലൂക്കാ 15,13-16).

പന്നികളുടെ പരിചരണം യഹൂദന് നിഷിധമാണ്. ധൂർത്ത പുത്രന്റെ ശോചനീയമായ വീഴ്ച്ചയെ സൂചിപ്പിക്കാൻ ഇതിനേക്കാൾ വലിയ തകർച്ചയെ വരച്ച് കാണിക്കാനില്ല. അവൻ പൂർണനാശത്തിലേയ്ക്ക് കൂപ്പുകുത്തുന്നു.

**തകർച്ച സുബോധത്തിന് കാരണമായി... സഹനങ്ങളൊന്നും കണ്ണീരിൽ അവസാനിക്കാനുള്ളതല്ല. മറിച്ച്, ദൈവത്തിന്റെ ഇടപെടലുകൾ തിരിച്ചറിയാനുള്ള വഴികളാണ്.**

തകർച്ചകൾ എന്തിനാണ് എന്നുചോദിച്ചാൽ ദൈവിക ഇടപെടലുകളെ തിരിച്ചറിയാനാണ് എന്ന് നാം പറയും. എന്നാൽ, തകർച്ചകൾക്ക് നടുവിൽ ദൈവിക ഇടപെടലുകളെ തിരിച്ചറിയുന്നു ഒരു ധൂർത്ത പുത്രന്റെ ഉപമയാണ് ക്രിസ്തു പറഞ്ഞുവച്ചത്. "അവനു സുബോധമുണ്ടായി. അവൻ പറഞ്ഞു: എന്റെ പിതാവിന്റെ എത്രയോ ദാസൻമാർ സുഭിക്ഷമായി ഭക്ഷണം കഴിക്കുന്നു! ഞാനോ ഇവിടെ വിശന്നു മരിക്കുന്നു! ഞാൻ എഴുന്നേറ്റ് എന്റെ പിതാവിന്റെ അടുത്തേക്കു പോകും. ഞാൻ അവനോടു പറയും: പിതാവേ, സ്വർഗത്തിനെതിരായും നിന്റെ മുമ്പിലും ഞാൻ പാപം ചെയ്തു. നിന്റെ പുത്രൻ എന്നു വിളിക്കപ്പെടാൻ ഞാൻ ഇനി യോഗ്യനല്ല. നിന്റെ ദാസരിൽ ഒരുവനായി എന്നെ സ്വീകരിക്കണമേ. അവൻ എഴുന്നേറ്റ്, പിതാവിന്റെ അടുത്തേക്കു ചെന്നു" (ലൂക്കാ 15,17-20). ഇന്ന് നമുക്കാവിശ്യം ഈ സുബോധമാണ്.

ധ്യാനഗുരു പങ്കുവച്ച ധൂർത്തപുത്രന്റെ സുബോധത്തെ കുറിച്ച് ഇന്നും ഓർത്തിരിക്കുന്നത് മനോഹരമായ ഒരു കഥയുടെ പിൻബലമുള്ളതുകൊണ്ടാണ്. പിതാവിനോടുള്ള ബന്ധം മുറിച്ച് സ്വത്ത് വാങ്ങി പടിയിറങ്ങിയ മകൻ തന്റെ സമ്പാദ്യമെല്ലാം നശിപ്പിച്ച് കളയുന്നു. പിന്നിട്,

സുബോധം വീണ്ടെടുക്കുന്ന ധൂർത്ത പുത്രൻ പിതാവിന്റെ അടുത്തേയ്ക്ക് തിരിച്ച് പോകാൻ തയ്യാറെടുക്കുന്നു. തന്നെ പിതാവ് സ്വീകരിക്കുമോ എന്ന് ശങ്കിക്കുന്ന ധൂർത്ത പുത്രൻ തന്റെ വരവിന് മുമ്പ് പിതാവിന് ഒരു കത്തെഴുതുന്നു. കത്തിന്റെ ഉള്ളടക്കം ഇപ്രകാരമാണ്.

"പ്രിയപ്പെട്ട അപ്പച്ചന്,

തെറ്റ് പറ്റിപ്പോയി.

കുറവുകൾ ഏറെയുണ്ട്. ചെയ്യാൻ പാടില്ലാത്തതെല്ലാം ചെയ്തുപോയി. ഇപ്പോൾ തിരിച്ചറിയുന്നു, നടന്ന വഴികൾ എല്ലാം ശരിയായിരുന്നില്ല എന്ന്. അപ്പനോട് കൂടെയാകാനും വീട്ടിലേയ്ക്ക് തിരിച്ച വരാനും ഒരു പാട് ആഗ്രഹമുണ്ട്. പക്ഷെ, പേടിയാണ്. എങ്കിലും, ഈ വരുന്ന 21-ാം തിയ്യതി ഞായറാഴ്ച്ച നമ്മുടെ വീടിന്റെ മുമ്പിലുള്ള വഴിയിലൂടെ ഞാൻ പോകും. അപ്പൻ എന്നോട് ക്ഷമിക്കുന്നുണ്ട്, എന്നെ സ്വീകരിക്കുന്നുണ്ട് എന്നുണ്ടെങ്കിൽ നമ്മുടെ വീടിന്റെ മുറ്റത്തെ മാവിൽ ഒരു ചുവന്ന റിബ്ബൺ കെടിയിടണം. അതു കാണുമ്പോൾ അപ്പൻ എന്നോട് ക്ഷമിച്ചു എന്നു തിരിച്ചറിയുകയും ഞാൻ വീട്ടിലേയ്ക്ക് വരികയും ചെയ്യും.

സ്നേഹത്തോടെ നിറുത്തുന്നു,

അപ്പന്റെ ധൂർത്തപുത്രൻ

ഒപ്പ്."

പക്ഷെ, ധ്യാനഗുരു ഈ കഥയവസാനിപ്പിക്കുന്നത് ഇപ്രകാരമാണ്. 21-ാം തിയ്യതി ഞായറാഴ്ച്ച വീടിന്റെ മുമ്പിലൂടെ പോയ മകൻ കണ്ടത് വീടിന്റെ മുമ്പിലെ മാവ് മാത്രമല്ല, പറമ്പ് മുഴുവൻ ചുവന്ന റിബ്ബണാൽ അലങ്കരിച്ച് സുന്ദരമാക്കിയ പിതാവിനെയാണ്. വീടിന്റെ മുമ്പിലെ മാവിൽ ഒരു റിബ്ബൺ കെട്ടിതൂക്കിയിട്ടാൽ മകൻ കണ്ടില്ലെങ്കിലോ എന്നുള്ള ഭീതിയാൽ സ്നേഹം ധൂർത്തടിക്കുന്ന പിതാവ് പറമ്പ് മുഴുവൻ ചുവന്ന റിബ്ബൺ കെട്ടിതൂക്കിയിടുകയാണ്. "സ്നേഹം സർവ്വതും ക്ഷമിക്കുന്നു."

ഒരായുസ് മുഴുവൻ പിതാവിന്റെ കൂടെ താമസ്സിച്ചിട്ടും പിതാവിന്റെ സ്നേഹവും പുത്രസ്ഥാനവും തിരിച്ചറിയാത്തവനാണ് മൂത്തപുത്രൻ. അവന്റെ ജീവിതം മുഴുൻ കപടതയാണ്. പിതാവിനെ സ്നേഹക്കുന്നു എന്ന് കാണിക്കുന്നു. പക്ഷെ, അവന്റെ ഹൃദയം പിതാവിൽ നിന്ന് ഏറെ അകലെയാണ്. മറ്റുള്ളവരുടെ കുറവുകൾ മാത്രം കാണുന്ന കണ്ണുമായി ദൈവത്തെ കാണാൻ പരിശ്രമിക്കുന്നവന്റെ പേരാണ് മൂത്തപുത്രൻ!

ധൂർത്തപുത്രന്റെ ഉപമ പങ്കുവയ്ക്കുന്നത് പരാജയത്തിന്റെ പടുകുഴിയിലും ദൈവം കാത്തിരിക്കുന്നുണ്ട് എന്നുള്ളത് മാത്രമാണ്.

"കുശവന്റെ കൈയിൽ കളിമണ്ണുപോലെയാണ്
സ്രഷ്ടാവിന്റെ കൈയിൽ മനുഷ്യർ;
അവിടുന്ന് തന്റെ ഇഷ്ടമനുസരിച്ചുപ്രവർത്തിക്കുന്നു;
ഇഷ്ടമനുസരിച്ച് അവർക്കു നൽകുന്നു!"

പ്രഭാ 33,13

ഫാ. ജോബി മേനോത്ത്
+91 944 7777 931